**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** **08-10-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളുടെയും കോളേജുകളുടെയും എൻ.ഐ.ആർ.എഫ്. റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ എം നൗഷാദ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കോളേജുകൾക്കും മികവ് നിലനിർത്താനായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | എൻ.ഐ.ആർ.എഫ് റാങ്കിംഗ് 2021 ൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം മികവ് നിലനിർത്തിയിട്ടുണ്ട്. ദേശീയ റാങ്കിംഗ് സർവ്വകലാശാല 27 കേരള സർവ്വകലാശാല 31 മഹാത്മാഗാന്ധി സർവ്വകലാശാല 44 കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി 60 കാലിക്കറ്റ് സർവ്വകലാശാല ദേശീയ റാങ്കിംഗ് കോളേജുകൾ 25 യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം 31 രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം 44 മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം 45 സെൻറ് തെരേസാസ് കോളേജ്, എറണാകുളം 46 ഗവൺമെൻറ് കോളേജ് ഫോർ വിമൺ, തിരുവനന്തപുരം 63 സേക്രഡ് ഹാർട്ട് കോളേജ്, എറണാകുളം 64 സെൻറ് തോമസ് കോളേജ്, തൃശ്ശൂർ 69 സെൻറ് ജോസഫ്സ് കോളേജ്, കോഴിക്കോട് 73 ഫറൂക്ക് കോളേജ്, കോഴിക്കോട് 79 എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി 80 മാർത്തോമ കോളേജ്, തിരുവല്ല 82 ഗവൺമെൻറ് കോളേജ്, കാസർഗോഡ് 86 മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം 89 ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര 89 ബിഷപ്പ് കുരിയാലച്ചേരി കോളേജ് ഫോർ വിമൺ, കോട്ടയം 92 മഹാരാജാസ് കോളേജ്, എറണാകുളം 93 സി.എം.എസ് കോളേജ്, കോട്ടയം 97 ഗവൺമെൻറ് ബ്രണ്ണൻ കോളേജ്, കണ്ണൂർ 99 ഗവൺമെൻറ് വിക്ടോറിയ കോളേജ്, പാലക്കാട് നാഷണൽ അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) മാതൃകയിൽ സംസ്ഥാന തലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളു ടെയും പ്രത്യേകതകളുടെയും അളവു |

| | | | |
|---|---|---|---|
| | | | കോളുകൾ കൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്റ്റേറ്റ് അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെന്ററി (SAAC) ന്റെ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. നാക് (NAAC) നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കുപുറമേ, Scientific temper and secular outlook, Equity & Excellence, Social Inclusivenes എന്നിവ ഉൾപ്പെടെ സംസ്ഥാനത്തിൻറെ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ കൂടി അടിസ്ഥാനത്തി ലാണ് SAAC അസസ്സ്മെൻറും ഗ്രേഡിംഗും നൽകുന്നത്. NIRF ൻറെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിൻറെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) - (KIRF) സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുവാനും സഹായകരമായിരിക്കും. |
| (ബി) | ഉന്നത വിദ്യാഭ്യാസമേഖലയെ ലോക നിലവാരത്തിലേക്കുയർത്തുന്നതിന് സമൂല പരിഷ്കരണത്തിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള പരിഷ്കാരങ്ങളാണുദ്ദേശിക്കുന്നത്; അതിന് ആവശ്യമായ പഠന റിപ്പോർട്ടുകൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള താഴെപ്പറയുന്ന സുപ്രധാന നിർദ്ദേശങ്ങൾ 2021-22 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3 - 5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ: 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ: 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്ത് ജ്ഞാനസമൂഹ സൃഷ്ടിയ്ക്കും തദ്ദേശീയ |

| | | | |
|---|---|---|---|
| | | | സാമൂഹിക സാമ്പത്തിക ഘടനയുടെ വികസനത്തിനും യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ഡോ. ശ്യാം ബി മേനോൻ അദ്ധ്യക്ഷനായി ഒരു ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിനും പരീക്ഷാ സംവിധാനം പരിഷ്കരിക്കുന്നതിനും മറ്റ് രണ്ട് കമ്മീഷനുകൾ കൂടി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് വിവര സാങ്കേതികവിദ്യാധിഷ്ഠിത വിജ്ഞാന വിസ്ഫോടനത്തിന്റെ സാധ്യതകൾ വിനിയോഗിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നൂറ് ദിവസത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യം ഒരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് "Let's go digital" എന്ന ക്യാമ്പയിൻ സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴുവൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെൻറ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെൻറ് ഓഫ് ഹയർ എഡ്യൂക്കേഷൻ എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി നൂതന അക്കാദമിക് പ്രോഗ്രാമുകൾ സർവ്വകലാശാലകൾ നടപ്പിലാക്കി വരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, ഡാറ്റാസയൻസ്, സ്പെയിസ് സയൻസ്, നാനോ ടെക്നോളജി, സൈബർ ഫിസിക്കൽ സിസ്റ്റംസ്, റോബോട്ടിക്സ് ആന്റ് ആട്ടോമേഷൻ തുടങ്ങിയ പുതുതലമുറ അക്കാദമിക് പ്രോഗ്രാമുകൾ സർവ്വകലാ ശാലകളിൽ ആരംഭിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തെത്തുടർന്ന് കോളേജുകളിൽ പഠനം നടത്താൻ സാധിക്കാതിരുന്നതിനാൽ സ്മാർട്ട് ഫോൺ മുതലായ ഉപകരണങ്ങളും ഇന്റർനെറ്റും ഉപയോഗിച്ച് വിദ്യാഭ്യാസം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കോളേജുകളിൽ സ്മാർട്ട് ക്ലാസ്സ്റൂമുകൾ നിർമ്മിച്ച് പഠനം കൂടുതൽ ലളിതവത്ക്കരി ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ